**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 927** **06-02-2023 - ൽ മറുപടിയ്ക്ക്**

**കല്ലുവെട്ടാംകുഴിയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി കാത്തിരിപ്പ് കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴ കല്ലുവെട്ടാംകുഴിയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂ.ഡി., കെ.ആർ.എഫ്.ബി. എന്നീ വകുപ്പുകൾ പഞ്ചായത്തിന് അനുമതി നൽകിയിരുന്നുവെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വനഭൂമി വനേതര ആവശ്യത്തിന് അനുവദിക്കുന്നതിന് ബന്ധപ്പെട്ട യൂസർ ഏജൻസി, കേന്ദ്ര വന നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടുള്ള അപേക്ഷ PARIVESH വെബ് പോർട്ടലിൽ ഓൺലൈനായി സമർപ്പിച്ച്, Hardcopy യുടെ പകർപ്പ് പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽ സമർപ്പിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട അപേക്ഷ പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽ ലഭിച്ചിട്ടില്ലായെന്ന് കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ കുട്ടികൾ അടക്കം പ്രദേശവാസികൾക്ക് ഉപകാരപ്രദമായ രീതിയിൽ കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന് വനം വകുപ്പിന്റെ അനുമതി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | ഉത്തരം (എ) യിൽ പറയുന്ന പ്രകാരമുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ